വെറും പാട്ടകുടിയാൻ ബിൽ.

*107. MR. KRISHNAN AIYAPPAN (*Shertalai III—General*) : താഴെ പറയുന്നചോദ്യത്തിന് ബഹുമാനപ്പെട്ടനീതിന്യായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വെറുംപാട്ടകുടിയാനന്മാക്ക് സ്ഥിരകൈവശാവകാശം ലഭിക്കത്തക്കവണ്ണം ഗവണ്മെൻറിൽനിന്നും ഒരു വെറുംപാട്ടകുടിയാൻ ബിൽ അവതരിപ്പിച്ചോ മറേറതെങ്കിലും വിധത്തിലോ ഒരു നിയമം മൂലം വ്യവസ്ഥയുണ്ടാക്കുന്നതിന് ദയവുണ്ടാകുമോ?

HON'BLE MR. V. O. MARKOS : ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

UNSTARRED QUESTIONS AND ANSWERS

എലപ്പുള്ളിനിന്നും ഉപ്പുതുറയ്ക്ക് പോകുന്ന എസ്റ്റേറ്റ് റോഡ്.

MR. A. K PATCHU PILLAI (*Peerumade — General*) . താഴെപറയുന്ന ചോദ്യങ്ങൾക്ക്, പി. ഡബ്ലിയു. ഡി. വകുപ്പിൻെറ ചാർജ്ജ് വഹിക്കുന്ന ബഹു: മന്ത്രി സദയം മറുപടി നൽകുമോ?

(എ) പീരുമേട് താലൂക്കിൽ എലപ്പുള്ളിനിന്നും ഉപ്പുതുറയ്ക്ക് പോകുന്ന എസ്റ്റേറ്റ് റോഡിൻെറ സംരക്ഷണം ഗവണ്മെൻറ് ഏറെറടുക്കുന്നതിലേക്കുള്ള നടപടികൾ ഇപ്പോൾ ഏതു സ്ഥിതിയിലിരിക്കുന്നു എന്ന് അറിയിക്കുന്നതിന് ദയവുണ്ടാകുമോ?

(ബി) അതിലേക്ക് വളരെ കാലതാമസം നേരിട്ടതിന് വിശേഷാൽ കാരണം വല്ലതും ഉണ്ടോ? ഉണ്ടെങ്കിൽ എന്ത്?

(സി) പീരുമേട് താലൂക്കിലെ പ്രധാന കർഷകകേന്ദ്രമായ ഉപ്പുതുറയ്ക്ക് ഗതാഗതത്തിനുള്ള സൗകര്യം ഇപ്പോഴില്ലെന്നുള്ളതു് ഗവണ്മെൻറിനറിവുണ്ടോ?

(ഡി) അതിൻെറ പരിഹാരത്തിനുവേണ്ടി ഉടനെ തന്നെ റോഡിൻെറ സംരക്ഷണം ഗവണ്മെൻറ് ഏറെറടുത്ത് ബസ്സ് സർവീസ് അനുവദിക്കുന്നതിലേക്ക് വേണ്ട നടപടി നടത്തുമോ?

HON'BLE MR. K. R. ELANKATH:

(a) The matter is engaging the attention of Government.
(b) There has been no avoidable delay in the matter.
(c) Yes.
(d) Yes.

LIBRARY ARCHIVES Kerala Legislative Assembly